# അവളൊരു ഭ്രാന്തി



മൈസൂന

ചിന്താഭാരം കുമിഞ്ഞ ശിരസ്സതിൽ...

കുഞ്ഞനുറുമ്പുകൾ പുറ്റും തേടിയലയവേ...

ഇരുളിൻ കരിമ്പടം മൂടിയവൾ....

മുറിയിൽ കൂനിക്കൂടിയിരിക്കവേ...

പതിയെ കരഞ്ഞും ഉറക്കെ ചിരിച്ചും...

പേമാരി പോലവൾ ആർത്തലച്ചു പെയ്യവേ.

അവ്യക്തമെന്തോ പുലമ്പുന്ന അധരത്തിൽ.

ഒട്ടിയ ചോരക്കറ മായ്ക്കാൻ മറക്കവേ...

സജലമാം മിഴികൾ വിടർന്നും കുറുകിയും...

ആരെയോ തേടിയവ എന്തിനോ പരതവേ...

നിശ്ശബ്ദ രാത്രിയിൽ താഴിട്ട മുറിയതിൽ...

അവളുടെ നിലയ്ക്കാത്ത ജല്പനം ഉയരവേ..

ബന്ധമൊഴിഞ്ഞവർ അടക്കം പറയുന്നു...

ഉന്മാദിയാണവൾ അവളൊരു ഭ്രാന്തി...

അവളൊരു ഭ്രാന്തി...

